പഞ്ചായത്തുകളിലെ ജലസേചന പദ്ധതികൾ

224 [275] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ജലസേചനവുംമന്ത്രി സദയം മറുപടിനൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തുതോറും എത്ര ജലസേചന പദ്ധതികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇപ്പോൾ എത്ര പദ്ധതികളുടെ പണികൾ നടന്നുവരുന്നുണ്ട് ?

ഉത്തരം

(എ) ജനപങ്കാളിത്തത്തോടുകൂടി പഞ്ചായത്തുതോറും സംസ്ഥാനമൊട്ടാകെ 721 ചെറുകിട ജലസേചനപദ്ധതികളാണ് പൂർത്തിയാക്കാനുദ്ദേശിക്കുന്നത്.

(ബി) 127 എണ്ണം.

പാലക്കാടു ജില്ലയിലെ ഇറിഗേഷൻ പദ്ധതികൾ

225 [276] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ജലസേചനവുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഇറിഗേഷൻ പദ്ധതികളുടെ എണ്ണം എത്ര;

(ബി) അവയുടെ പേരെന്തെല്ലാം ;

(സി) ഏതെല്ലാം പദ്ധതികൾ എത്ര ഏക്കർ ഭൂമിക്കുവീതം ജലസേചനം നല്കുന്നു ;

(ഡി) ജില്ലയിൽ ജലസേചനം ലഭിക്കുന്ന ആകെ ഏക്കർ എത്ര ;

(ഇ) ഇപ്പോൾ ഏതെല്ലാം പദ്ധതികൾ നിർമ്മാണം പൂർത്തിയാകാതെ ഇരിക്കുന്നു ;

(എഫ്) ജില്ലയിൽ ഏതെല്ലാം പദ്ധതികൾ ആണ് പ്രോജക്ടു റിപ്പോർട്ടു കിട്ടിയിട്ടും നിർമ്മാണത്തിന് സമയവുംകാത്ത് ഇരിക്കുന്നത്;

(ജി) ഓരോ പദ്ധതിക്കും ചെലവായ ഉദ്ദേശ സംഖ്യ എത്ര;

(എച്ച്) പരിഗണനയിലിരിക്കുന്ന പദ്ധതികൾക്ക് ഉദ്ദേശ സംഖ്യ എത്ര ?

ഉത്തരം

(എ) 277.

(ബി) വൻകിട പദ്ധതികൾ 7 എണ്ണം.

1. മലമ്പുഴ
2. മംഗലം
3. ഗായത്രി
4. വാളയാർ
5. പോത്തുണ്ടി
6. ചിറ്റൂർപുഴ
7. കാഞ്ഞിരപ്പുഴ

ഇവ കൂടാതെ 9 ക്ലാസ് I മൈനർ ഇറിഗേഷൻ പദ്ധതികളും 249 ക്ലാസ് II മൈനർ ഇറിഗേഷൻ പദ്ധതികളും 12 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൻകിട പദ്ധതികൾ

1.	മലമ്പുഴ	19748	ഹെക്ടർ
2.	മംഗലം	3307	,,
3.	ഗായത്രി	4868	,,
4.	വാളയാർ	3685	,,
5.	പോത്തുണ്ടി	5098	,,
6.	ചിറ്റൂർപുഴ	11218	,,
7.	കാഞ്ഞിരപ്പുഴ	ഇല്ല	

ക്ലാസ് I ചെറുകിട പദ്ധതികൾ 1269
ക്ലാസ് II ,, 4079
ലിഫ്റ്റ് ഇറിഗേഷൻ 1176

(ഡി) 56248 ഹെക്ടർ.

(ഇ) വൻകിട പദ്ധതികൾ

1. ചിറ്റൂർപുഴയും
2. കാഞ്ഞിരപുഴയും

ക്ലാസ് I മൈനർ ഇറിഗേഷൻ

1. വെങ്കലക്കയം
2. കരിങ്കയം

ക്ലാസ് II പദ്ധതികൾ

1. പൂവക്കോട് കുളം
2. ഇടുത്തറ ക്രോസ്ബാർ
3. തളിമലകുളം
4. തിരണ്ടിത് തോട് ക്രോസ്ബാർ
5. പുതുകുണ്ടുചിറ
6. രായമംഗലം തോട്

ലിഫ്റ്റ് ഇറിഗേഷൻ

1. ഓങ്ങല്ലൂർ പള്ളിപ്പുറം
2. മുണ്ടയം
3. കാലടിക്കുന്ന്
4. കൂടക്കടവ്
5. വെള്ളിയാങ്ങൽ കടവ്

(എഫ്) വൻകിട പദ്ധതികൾ

കുരിയാൻകുട്ടി (ഇത് അഞ്ചാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശുപാർശചെയ്തിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടില്ല)

(ജി) വൻകിട പദ്ധതികൾ (1976 നവംബർ വരെ)

1.	മലമ്പുഴ	583·08 ലക്ഷം രൂപ
2.	മംഗലം	96·04 ,,
3.	ഗായത്രി	267·81 ,,
4.	വാളയാർ	133·62 ,,
5.	പോത്തുണ്ടി	327·81 ,,
6.	കാഞ്ഞിരപുഴ	556·24 ,,
7.	ചിറ്റൂർപുഴ	455·11 ,,

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് I ചെറുകിട പദ്ധതികളെപ്പറ്റിയും, ക്ലാസ് II ലിഫ്റ്റ് ഇറിഗേഷൻ എന്നീ പദ്ധതികളെപ്പറ്റിയും വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) വൻകിട പദ്ധതികൾ

കുറിയാർ കുട്ടിയുടെ അടങ്കൽ തുക 800 ലക്ഷം രൂപയാണ്.

ക്ലാസ് I ചെറുകിട പദ്ധതികൾ

40 ലക്ഷം രൂപ.

ലിഫ്റ്റ് ഇറിഗേഷൻ

29·2 ലക്ഷം രൂപ.

സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികൾ

226 [277] ശ്രീ. എ. പി. കുര്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള വൻകിട ജലസേചന പദ്ധതികളോരോന്നും നിർമ്മാണപ്രവർത്തനം പൂർത്തിയായി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കണക്കാക്കുന്നത് ;

(ബി) ഇടമലയാർ പദ്ധതിയുടെ വലതുകനാൽ നിർമ്മാണത്തിനുള്ള അനുമതി ലഭിച്ചുകഴിഞ്ഞോ ;

(സി) എങ്കിൽ എന്നത്തേയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും ?

ഉത്തരം

(എ) ഇപ്പോൾ പണിനടന്നുകൊണ്ടിരിക്കുന്ന കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള ഏഴു പ്രധാന ജലസേചനപദ്ധതികളിൽ പമ്പ, പെരിയാർവാലി, ചിറ്റൂർപുഴ, കുറിയാടി, എന്നീ നാലു പദ്ധതികൾ ഈ പഞ്ചവൽസര പദ്ധതിക്കാലത്തും കല്ലട, കാഞ്ഞിരപ്പുഴ, പഴശ്ശി എന്നീ പദ്ധതികൾ ആറാം പഞ്ചവൽസര പദ്ധതിക്കാലത്തും പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

(ബി) ഇല്ല. കേന്ദ്രത്തിന്റെ നിർദ്ദേശമനുസരിച്ച് ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് പുതുക്കിക്കൊണ്ടിരിക്കുകയാണ്.

(സി) കേന്ദ്രാനുമതി ലഭിച്ചതിനുശേഷം ഇതിന്റെ പണി ആരംഭിക്കുന്നതാണ്.

ആനകളെ ലേലംചെയ്ത വകയിൽ കിട്ടിയ ആദായം

227 [278] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചനമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് വനങ്ങളിൽനിന്ന് ഈ വർഷം എത്ര ആനകളെ പിടിച്ചിട്ടുണ്ട് ;

(ബി) ലേലം ചെയ്തുകൊടുത്ത വകയിൽ എന്തു തുക കിട്ടി ?

LIBRARY ARCHIVES Kerala Legislative Assembly